കേരള സർക്കാർ
തദ്ദേശ സ്വയംഭരണ വകുപ്പ്

**ജോയിൻറ് ഡയറക്ടറുടെ കാര്യാലയം,**
**റൂബി ടവർ,പത്തനംതിട്ട, പിൻ 689645 ,**
**jdlsgdpta@gmail.com**
**0468-2222561 തീയതി: 23/02/2024**

ജില്ലാ ജോയിന്റ് ഡയറക്ടർ,
പത്തനംതിട്ട

ശ്രീ.ബിനു.എ.സി,
തറപ്പേൽ വീട്,
വെച്ചൂച്ചിറ.

സർ

വിഷയം- നവകേരളസദസ്സ്- ബിനു.എ.സി,തറപ്പേൽ വീട്, PTA1126390 നമ്പരായി നൽകിയ നിവേദനം

സൂചന - പത്തനംതിട്ട ജില്ല സ്ഥിരം അദാലത്ത് സമിതിയുടെ 03.02.2024 ലെ 2.1 തീരുമാനം

നവകേരളസദസ്സിൽ സൂചന 1 പ്രകാരം താങ്കൾനൽകിയ നിവേദനം സ്ഥിരം അദാലത്ത് സമിതി പരിഗണിച്ച് സൂചന 2 പ്രകാരം തീരുമാനം എടുക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.തീരുമാനത്തിന്റെ പകർപ്പ് ഇത് സഹിതം നൽകുന്നു.

വിശ്വസ്തതയോടെ,

ജില്ലാജോയിന്റ് ഡയറക്ടർ,
തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട

**03/02/2024 തീയതിയിൽ കൂടിയ ജില്ലാ തല അദാലത്ത് സമിതി തീരുമാനം 2.1**

ബിനു എസി, തറപ്പേൽ വീട് വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് കെട്ടിട നികുതി സംബന്ധിച്ച് നൽകിയ പരാതിയിൽ 2013-14 വർഷം വരെയുള്ള നികുതി ഈടാക്കുന്നതിനായുള്ള നോട്ടീസാണ് പഞ്ചായത്ത് നൽകിയിരിക്കുന്നത് എന്ന് ബോധിപ്പിച്ചിരുന്നു. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ 13ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ള 25 വർഷംകാലപ്പഴക്കമുള്ള ടി കെട്ടിടത്തിന്റെ 90ച.മീ ഭാഗം പഞ്ചായത്ത് രേഖകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നു കാണുന്നു.

ആയത് *1996 ലെ (നികുതി നിരണ്ണയവും, ഈടാക്കലും,അപ്പീലും) ചട്ടങ്ങൾ7പ്രകാരം ഏതെങ്കിലും നികുതി സംബന്ധിച്ചിടത്തോളം വല്ല ആൾക്കോ,വസ്തുവിനോ അപര്യാപ്തമായി നികുതി ചുമത്തിയിട്ടുണ്ടെന്നോ, അഥവ ആ ആളേയോ,വസ്തുവിനേയോ അസ്സസ്സ്മെന്റ് ബുക്കുകളിൽ നിന്ന് അശ്രദ്ധമായോ , അനുചിതമായോ വിട്ടുകളഞ്ഞിട്ടുണ്ടെന്നോ, അഥവ പ്രസ്തുത പുസ്തകത്തിൽ വല്ല കൈതെറ്റോ,കണക്കുസംബന്ധമായ തെറ്റോ ഉണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് ഏതെങ്കിലും സമയത്ത് തോന്നുന്നപക്ഷം, പ്രസ്തുത പുസ്തകങ്ങൾ അതിനു ന്യായമാണെന്നോ ആവശ്യമാണെന്നോ തോന്നുന്ന വിധത്തിൽ ഭേദഗതി ചെയ്യുവാൻ* സെക്രട്ടറിയോട് നിർദ്ദേശിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ചട്ടം 7(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് നടപ്പുവർഷത്തിലെ അല്ലെങ്കിൽ അതിനുമുമ്പുള്ള 2 അർദ്ധവർഷങ്ങളിലെ ഏറ്റവും നേരത്തെയുള്ള തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതാണെന്ന് കരുതേണ്ടതാകുന്നു എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.ആയതിനാൽ നടപ്പു സാമ്പത്തികവർഷത്തിന് തൊട്ടുമുമ്പുള്ള 2 അർദ്ധവർഷങ്ങളിലെ ആദ്യ ആർദ്ധ വർഷം കണക്കാക്കി ക്രമവൽക്കരണ ഫീസ് ഈടാക്കി നികുതി നിർണ്ണയിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു

District Joint Director
Local Self Government Department
Pathanamthitta